പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2145

11/02/2020 ൽ മറുപടി നല്കേണ്ടത്.

## ഞാറക്കൽ സർക്കാർ ആശുപത്രിയിലെ ഭൗതിക സാഹചര്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എസ്.ശർമ്മ** | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി) |
| (എ) ഞാറക്കൽ സർക്കാർ ആശുപത്രിയിൽ നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ എന്തൊക്കെയെന്നും നൽകിവരുന്ന സേവനങ്ങൾ എന്തൊക്കെയെന്നും വിശദമാക്കാമോ; | (എ) എറണാകുളം ജില്ലയിലെ ഞാറക്കൽ താലൂക്കാശുപത്രിയിൽ ഒ.പി സേവനങ്ങൾക്ക് പുറമേ കിടത്തി ചികിത്സ (71 കിടക്കകൾ), 6 മണിവരെ അത്യാഹിത വിഭാഗം, മെഡിക്കോ ലീഗൽ സേവനങ്ങൾ, ലബോറട്ടറി സേവനങ്ങൾ, ഇ.സി.ജി, പൊതുജനാരോഗ്യ വിഭാഗം, കുടുംബക്ഷേമ പ്രവർത്തനങ്ങൾ, പാലിയേറ്റീവ് കെയർ സേവനങ്ങൾ (പ്രൈമറി/ സെക്കന്ററി), 108 ആംബുലൻസ് സേവനങ്ങൾ, ദന്തൽ സേവനങ്ങൾ, ഫാർമസി, സ്റ്റോർ മോർച്ചറി, പോസ്റ്റ്മോർട്ടം തുടങ്ങിയ സേവനങ്ങൾ നൽകിവരുന്നു. |
| (ബി) പുതുതായി നടന്നുവരുന്ന നിർമ്മാണ പ്രവൃത്തികൾ എന്തൊക്കെയെന്നും ഇതിനായി എത്ര തുകയാണ് ചെലവിടുന്നതെന്നും വിശദമാക്കാമോ? | (ബി) Goshree Island Development Authority (GIDA) യുടെ ഫണ്ടുപയോഗിച്ച് 5.9 കോടിയുടെ ഒ.പി ബ്ളോക്ക്, കാഷ്വാലിറ്റി, കുട്ടികളുടെ വാർഡ്, തീയേറ്റർ ഉൾപ്പെടെയുള്ള കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനവും പ്ളാൻ ഫണ്ടുപയോഗിച്ച് ഒരു കോടിയുടെ ഫീമെയിൽ വാർഡ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനവുമാണ് നടന്നുവരുന്നത്. |

സെക്ഷൻ ഓഫീസർ